## പതിമൂന്നാം കേരള നിയമസഭ

### പതിന്നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 3903 20.07.2015-ന് മറുപടിയ്ക്ക്

### ചിറയിൻകീഴ് താലൂക്കിലെ വില്ലേജ് ജീവനക്കാരുടെ ടി.എ.

| ചോദ്യം | | ഉത്തരം |
|---|---|---|
| **ശ്രീ. എം.വി.ശ്രേയാംസ് കുമാർ** | | **ശ്രീ. അടൂർ പ്രകാശ് (റവന്യൂവും കയറും വകുപ്പ് മന്ത്രി)** |
| (എ) ചിറയിൻകീഴ് താലൂക്കിലെ വില്ലേജ് ജീവനക്കാരുടെ 5/09 മുതൽ 3/10 വരെയുള്ള ടി.എ. നാളിതുവരെ മാറി നൽകിയിട്ടില്ല എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) 12.05.2014 -ലെ നം. 22910/ടി2/14 കത്ത് പ്രകാരം, റവന്യൂ കമ്മീഷണറിൽ നിന്നും ആവശ്യപ്പെട്ട റിപ്പോർട്ട് നൽകിയിട്ടുണ്ടോ; എങ്കിൽ ആയതിന്റെ കോപ്പി ലഭ്യമാക്കുമോ;<br>(സി) ഇല്ലെങ്കിൽ ഒരു വർഷം കഴിഞ്ഞിട്ടും റിപ്പോർട്ട് നൽകാത്തത് എന്തുകൊണ്ടെന്ന് വ്യക്തമാക്കുമോ; | (ബി) യും (സി) യും | ഉണ്ട്, പകർപ്പ് അനുബന്ധം (1) ആയി ചേർക്കുന്നു.പ്രസ്തുത റിപ്പോർട്ടിനോടൊപ്പംയാത്രാബത്തയെ സംബന്ധിക്കുന്ന യാത്രാനുമതി അനുവദിച്ചു കൊണ്ടുള്ള ഉത്തരവിന്റെ /Expost Facto Sanction -ന്റെ പകർപ്പ് ഉൾക്കൊള്ളിച്ചിട്ടില്ലായിരുന്നു. 06.01.2015 -ലെ 70185/റ്റി2/14/റവ നമ്പർ കത്തു പ്രകാരം മേൽ ഉത്തരവിന്റെ പകർപ്പു സമർപ്പിക്കുവാൻ ആവശ്യപ്പെട്ടിരിക്കുകയാണ്. |
| (ഡി) പ്രസ്തുത വിഷയം സംബന്ധിച്ച് റവന്യൂ കമ്മീഷണറേറ്റ്, തിരുവനന്തപുരം കളക്ട്രേറ്റ്, ചിറയിൻകീഴ് താലൂക്ക് ആഫീസ് എന്നിവിടങ്ങളിൽ നിലവിലുള്ള ഫയലുകളിൽ എന്തെല്ലാം നടപടികൾ പൂർത്തീകരിച്ചിട്ടുണ്ടെന്ന് ഇനം തിരിച്ച് വിശദീകരിക്കുമോ; | (ഡി) | ചിറയിൻകീഴ് താലൂക്കാഫീസിൽ 2029-00-101-99-04(1) ശീർഷകത്തിൽ ഫണ്ട് ലഭിച്ചപ്പോൾ റ്റി.എ. ബില്ലുകൾ മാറുന്നതിനായി ആറ്റിങ്ങൽ സബ് ട്രഷറിയിൽ നൽകുകയും മേലുദ്യോഗസ്ഥന്റെ കൗണ്ടർ സിഗ്നേച്ചർ വേണമെന്ന് കാണിച്ച് ടി ബിൽ ഒബ്ജെക്ഷൻ ആകുകയും ടി ബില്ലുകൾ ചിറയിൻകീഴ് തഹസീൽദാരുടെ 25.03.2013 -ലെ എ3-30978/12 നമ്പർ കത്തു പ്രകാരം ജില്ലാ കളക്ടർക്ക് സമർപ്പിച്ചിരുന്നു. ടി റിപ്പോർട്ടിൽ ന്യൂനതകൾ ഉണ്ടായിരുന്നതിനാൽ ആയത് പരിഹരിച്ച് നൽകുന്നതിനായി ജില്ലാ കളക്ടർ തഹസീൽദാർക്ക് തിരികെ നൽകുകയും ന്യൂനതകൾ പരിഹരിച്ച |

ടി ബില്ലുകൾ 25.02.2014 ലെ ചിറയിൻകീഴ് തഹസീൽദാരുടെ കത്ത് പ്രകാരം ജില്ലാ കളക്ടർക്ക് ലഭ്യമാക്കിയിട്ടുള്ളതും ആയത് ലാന്റ് റവന്യൂ കമ്മീഷണർക്ക് സമർപ്പിച്ചിട്ടുള്ളതുമാണ്. ജില്ലാ കളക്ടറിൽ നിന്നും ലഭ്യമായ റിപ്പോർട്ട് സാധൂകരണത്തിനായി ലാന്റ് റവന്യൂ കമ്മീഷണർ 11.12.2014-ലെ ജി8-15824/14 നമ്പർ കത്ത് പ്രകാരം സർക്കാരിലേയ്ക്ക് സമർപ്പിക്കുകയും ടി യാത്രാ ബത്തയെ സംബന്ധിച്ച യാത്രാനുമതി ഉത്തരവിന്റെ/Expost Facto Sanction -ന്റെ പകർപ്പ് ഹാജരാക്കുന്നതിനായി സർക്കാരിൽ നിന്ന് നിർദ്ദേശം നൽകുകയും ഉണ്ടായി. ടി നിർദ്ദേശപ്രകാരം റിപ്പോർട്ട് സമർപ്പിക്കുന്നതിനായി ലാന്റ് റവന്യൂ കമ്മീഷണറേറ്റിൽ നിന്നും ജില്ലാ കളക്ടർക്ക് കത്ത് നൽകുകയും അതനുസരിച്ച് 26.03.2015 -ൽ ഫിൻ3-37912/14 നമ്പർ റിപ്പോർട്ടു പ്രകാരം വില്ലേജിൽ ഉപയോഗിച്ചിരുന്ന റ്റി.എ. രജിസ്റ്റർ ലാന്റ് റവന്യൂ കമ്മീഷണറുടെ ഓഫീസിൽ സമർപ്പിക്കുകയും ഉണ്ടായി. എന്നാൽ സർക്കാരിൽ സമർപ്പിക്കുന്നതിന് പര്യാപ്തമല്ലാത്തതിനാൽ യാത്രാവിവരങ്ങൾ ഉൾപ്പെടുത്തി സാക്ഷ്യപ്പെടുത്തിയ പേജുകൾ സഹിതം വിശദമായ റിപ്പോർട്ട് സമർപ്പിക്കുന്നതിനായി ലാന്റ് റവന്യൂ കമ്മീഷണർ ജില്ലാ കളക്ടർക്ക് നിർദ്ദേശം നൽകുകയും ചെയ്തിട്ടുള്ളതാണ്.

| | | | |
|---|---|---|---|
| (ഇ) | പ്രസ്തുത ഫയലുകളിന്മേൽ കൈക്കൊണ്ട നടപടികളുടെ പകർപ്പുകൾ ലഭ്യമാക്കുമോ; | (ഇ) | പകർപ്പുകൾ അനുബന്ധം( 2 ) ആയി ചേർക്കുന്നു. |
| (എഫ്) | 12.05.2014 -ൽ ആവശ്യപ്പെട്ട റിപ്പോർട്ട് നാളിതുവരെ ലഭ്യമാക്കാത്ത ജീവനക്കാർ ആരെല്ലാമാണ്; അവരുടെ പേരുവിവരവും പദവിയും വ്യക്തമാക്കുമോ; | (എഫ്) | 12.05.2014 -ൽ ആവശ്യപ്പെട്ട റിപ്പോർട്ട് ലാന്റ് റവന്യൂ കമ്മീഷണർ സമർപ്പിച്ചുവെങ്കിലും യാത്രാനുമതി അനുവദിച്ചുകൊണ്ടുള്ള ഉത്തരവിന്റെ/ Expost Facto Sanction ന്റെ പകർപ്പ് ലഭ്യമാക്കാത്തതിനാൽ ആയത് കൂടി സമർപ്പിക്കുവാൻ ആവശ്യപ്പെട്ടിരിക്കുകയാണ്. |

| | | | |
|---|---|---|---|
| (ജി) | ഫയൽ നടപടികൾ താമസിപ്പിച്ച ജീവനക്കാരുടെ പേരിൽ എന്തെങ്കിലും നടപടികൾ കൈക്കൊണ്ടിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ? | (ജി) | ബാധകമല്ല |

സെക്ഷൻ ഓഫീസർ.

അനുബന്ധം ലൈബ്രേറിയിൽ ലഭ്യമാണ്